പദ്ധതിയുമായി ബന്ധപ്പെട്ട് Indian Electronic Semi Conductor Association-നുമായി ചേർന്ന് 2015 നവംബറിൽ ബാംഗ്ലൂരിൽ ഒരു ബി ടു ബി മീറ്റ് സംഘടിപ്പിച്ചിരുന്നു. മറ്റു വകുപ്പുകൾ നടത്തിയ നിക്ഷേപക സംഗമങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി&സി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ഇതിൽ 56 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികൾ കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ 209 കോടി രൂപയുടെ നിക്ഷേപമുള്ള രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2314 ചെറുകിട/ഇടത്തരം സംരംഭകരെ കണ്ടെത്തുകയും ആയതിൽ 759 പേർ യൂണിറ്റ് ആരംഭിക്കുകയും 100.015 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ആയതുവഴി 16325 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും അതിലൂടെ 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. Electronic Manufacturing Cluster പദ്ധതിയുമായി ബന്ധപ്പെട്ട് കിൻഫ്ര ബാംഗ്ലൂരിൽ നടത്തിയ ബി ടു ബി മീറ്റിൽ Electronic, Semi Conductor മേഖലയിലുള്ള രണ്ട് നിക്ഷേപകരുമായി നിക്ഷേപ സാദ്ധ്യതകളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുന്നുണ്ട്. നിക്ഷേപ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ചർച്ചയുടെ അന്തിമ ഘട്ടത്തിലേ വ്യക്തമാകുകയുള്ളൂ. ഇവ കൂടാതെ കൊല്ലം ജില്ല ചെറുകിട വ്യവസായ അസോസിയേഷനുമായി ചേർന്ന് 2016 ജനുവരിയിൽ കൊല്ലത്ത് ഒരു നിക്ഷേപ സംഗമവും സംഘടിപ്പിച്ചിരുന്നു. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

2014-15 സാമ്പത്തിക വർഷം ചെലവഴിക്കാത്ത തുകയുടെ വിശദാംശം

194 (169) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ ഓരോ വകുപ്പും സറണ്ടർ ചെയ്ത തുക എത്ര ; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാലയളവിൽ തുക ട്രഷറി അക്കൗണ്ടുകളിലേക്ക് ഏതെങ്കിലും വകുപ്പ് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ എത്ര കോടി രൂപ വീതം ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്; എല്ലാ വകുപ്പുകളും കൂടി മാറ്റിയിട്ട മൊത്തം തുക എത്ര;

(സി) തദ്ദേശ സ്ഥാപനങ്ങൾ ഇലക്ട്രോണിക് ലെഡ്ജറിലോ ട്രഷറി അക്കൗണ്ടുകളിലേക്കോ മാറ്റിയിട്ട മൊത്തം തുക എത്ര?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ ഓരോ വകുപ്പും വിവിധ ധനാഭ്യർത്ഥനകളിൽ സറണ്ടർ ചെയ്ത തുക ധനാഭ്യർത്ഥന അനുസരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

വിവിധ വികസന പദ്ധതികൾക്കായി 2014-15, 2015-16 വർഷങ്ങളിൽ ചെലവഴിച്ച തുക

195 (170) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശു വികസന പദ്ധതി, ഇന്ദിരാ ആവാസ് യോജന, ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; ഈ പദ്ധതികൾക്ക് 2014-15, 2015-16 വർഷങ്ങളിൽ ചെലവാക്കിയ തുക എത്ര;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന തുകയിൽ നിന്ന് മേൽപ്പറഞ്ഞ പദ്ധതിക്കായി തന്നാണ്ടിൽ ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

2015-16 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം

196 (171) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം ഓരോ വകുപ്പ് വഴി പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയായിരുന്നുവെന്നും ആയതിൽ ഓരോവകുപ്പിലും 2016 ജനുവരി 31 വരെ എത്ര തുക വീതം റവന്യൂ വരുമാനം ഉണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly